പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഢിപ്പിച്ച് ഗർഭിണിയാക്കിയ ശേഷം ഒളിവിൽ പോയ യുവാവ് പിടിയിൽ. ബീഹാർ വൈശാലി ജില്ലയിൽ മഞ്ജീത് കുമാർ (22) നെയാണ് കുന്നത്തുനാട് പോലീസ് പിടികൂടിയത്. കഴിഞ്ഞ ഫെബ്രുവരിയിലാണ് സംഭവം. അതിഥി തൊഴിലാളികളായ ദമ്പതികളുടെ പതിമൂന്ന് വയസായ മകളെയാണ് ഇയാൾ പീഢിപ്പിച്ചത്. തുടർന്ന് ഇയാൾ ഒളിവിൽ പോയി.